**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1676** **11-10-2024 - ൽ മറുപടിയ്ക്ക്**

**സർവകലാശാലയിലെ വൈസ് ചാൻസലർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂരിപക്ഷം സർവകലാശാലകളിലും നിലവിൽ വൈസ് ചാൻസലർമാർ ഇല്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സ്ഥിരം വൈസ് ചാൻസലർ ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും വൈസ് ചാൻസലർമാരുടെ ചുമതല നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല എന്നീ സർവകാശാലകളിൽ വൈസ് ചാൻസലർ നിയമനത്തിനായുള്ള സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br><br>വിവിധ സർവകലാശാലകളിൽ വൈസ് ചാൻസലറുടെ നിയമനത്തിനായി സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ബഹു. ചാൻസലർ പുറപ്പെടുവിച്ച വിജ്ഞാപനം ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (സി) | സ്ഥിരം വൈസ് ചാൻസലർമാരുടെ അഭാവം ഉന്നത വിദ്യാഭ്യാസ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സ്ഥിരം വൈസ് ചാൻസലർമാരുടെ അഭാവം ഉന്നതവിദ്യാഭ്യാസ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയവും അന്തർദേശീയവുമായി ഗുണനിലവാര പരിശോധനകളിലും റാങ്കിംഗിലും സർവകലാശാലകൾ വലിയ മുന്നേറ്റമാണ് കാഴ്ചവയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ